**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ഉച്ചഭക്ഷണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര രൂപയാണ് കുടിശികയായി നൽകാനുള്ളത്; | (എ) | 2023 ജൂൺ, ജൂലൈ മാസങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ സ്കൂളുകൾക്ക് 83.49 കോടി രൂപ വിതരണം ചെയ്യുവാനുണ്ട്. |
| (ബി) | ഒരു കുട്ടിയ്ക്ക് എത്ര രൂപ നിരക്കിലാണ് തുക അനുവദിക്കുന്നത് ; | (ബി) | ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ |
| (സി) | 2015-16 അധ്യയന വർഷം ഒരു കുട്ടിയ്ക്ക് എത്ര രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത് ? | (സി) | കുട്ടിയൊന്നിന് 5 രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത്. 05.09.2016 ലെ സ.ഉ (സാധാ) നം. 2911/2016/പൊ.വി.വ പ്രകാരം നിലവിലുള്ള രീതിയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ